"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 14-09-2021

## സർക്കുലർ നം 55

കേരളാ സർവ്വീസ് റൂൾ പാർട്ട് I അനുബന്ധം VII Rule 111 വിഭാഗം III പ്രകാരം, അധികൃത അവധി ദിനങ്ങളിൽ അത്യാവശ്യ ജോലികൾ ചെയ്യുന്നതിന് ഓഫീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ഓഫീസിൽ ഹാജരാകുന്ന ജീവനക്കാർക്ക് അങ്ങിനെയുള്ള ഓരോ അവധി ദിവസത്തിനും ഒന്ന് എന്ന കണക്കിൽ കോമ്പൻസേഷൻ അവധി അനുവദിക്കുന്നതാണ്. ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:-

1. കാഷ്വൽ അവധി അനുവദിക്കുന്ന അധികാരിയുടെ മുൻകൂർ അനുവാദത്തോടെ മാത്രമേ ഈ അവധി എടുക്കുവാൻ പാടുള്ളൂ.
2. ഒരു വർഷം എടുക്കാവുന്ന പരമാവധി അവധി 15 ദിവസമാണ്. (04.11.1992 ലെ ജി.ഒ.(പി) 840/92/ധന.)
3. മേൽ പ്രകാരം ഓഫീസിൽ ഹാജരായി 3 മാസത്തിനകം കോമ്പൻസേഷൻ ലീവ് എടുത്തിരിക്കണം.
4. ടി അവധി 10 ദിവസത്തിൽ കൂടുതൽ കൂട്ടിച്ചേർത്ത് വെയ്ക്കുവാൻ പാടുള്ളതല്ല.
5. ഇങ്ങിനെയുള്ള അവധി 10 ദിവസത്തിൽ കൂടുതൽ കൂട്ടി ചേർത്ത് വെയ്ക്കുവാൻ അനുവദിക്കുകയില്ല. (will not be accumulated for more than 10 days) ഈ അവധി കാഷ്വൽ അവധിയോട് ചേർത്ത് എടുക്കാവുന്നതാണ്. ഈ അവധി കാഷ്വൽ അവധിയോടോ, മറ്റ് അംഗീകൃത അവധി ദിവസങ്ങളോടോ ചേർത്ത് എടുക്കുമ്പോൾ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന മൊത്തം ദിവസങ്ങൾ 15-ൽ കൂടുതൽ ആകുവാൻ പാടുള്ളതല്ല. (17.02.2007ലെ ജി.ഒ.(പി) നമ്പർ: 61/2007/ധന.)

6. ആർജ്ജിതാവധി, പകുതി ശംബളത്തോടുകൂടിയ അവധി ഉടങ്ങിയ മറ്റു അവധികളോട് ചേർത്ത് കോമ്പൻസേഷൻ അവധി അനുവദിക്കുവാൻ പാടുള്ളതല്ല.

7. അവധി ദിവസങ്ങളിൽ യാത്ര ചെയ്യുന്ന ജീവനക്കാർക്ക് അവധിക്കു പകരം കോമ്പൻസേഷൻ അവധി അനുവദിക്കുകയില്ല.

8. ഓഫീസ് മേധാവികൾക്ക് ഈ അവധിക്ക് അർഹതയില്ല. (13.05.1972 ലെ ജി.ഒ. (പി) നമ്പർ. 102/72/ധന.)

ആയതിനാൽ മേൽ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ജയിൽസ്ഥാപനങ്ങളിൽ നിന്നും സ്ഥാപനമേധാവികൾ കോമ്പൻസേഷൻ ലീവിനായി ജയിലാസ്ഥാകാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല. കൂടാതെ സബോർഡിനേറ്റ് ജീവനക്കാർക്ക് മേൽ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് ടി

ആനുകൂല്യം നൽകാവുന്നതാണ്. സ്ഥാപനമേധാവികൾ കാഷ്വൽ അവധികൾ ബന്ധപ്പെട്ട മേഖലാ ഡി.ഐ.ജി മാർ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷയുടെ പകർപ്പ് ജയിൽ വകുപ്പ് അദ്ധ്യക്ഷനും ജയിൽ ആസ്ഥാന കാര്യാലയ ഡി.ഐ.ജിക്കും നൽകേണ്ടതാണ്. മേഖലാ ഡി.ഐ.ജി മാർ മേൽ നിബന്ധനകൾക്ക് വിധേയമായി മാത്രമേ അപേക്ഷകൾ തീർപ്പ്കൽപ്പിക്കുവാൻ പാടുള്ളൂ. ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഉണ്ടാകുവാൻ പാടുള്ളതല്ല എന്നുമറിയിക്കുന്നു.

ജയിലാസ്ഥാനകാര്യാലയത്തിൽ ഇപ്രകാരം അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാർക്കും മേൽ വ്യവസ്ഥകൾക്ക് അനുസരിച്ച് മാത്രമേ കോമ്പൻസേഷൻ അവധി **(C/off)** അനുവദിക്കുവാൻ പാടുള്ളൂ എന്നുമറിയിക്കുന്നു.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 01) എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും
02) എല്ലാ മേഖലാ ഡി.ഐ.ജി മാർക്കും.
03) ആസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ് : TC 2 & 3 - Web Site / Stock File/File

E3-1/2021/PrHQ

a7d6bd